വർഷം	അനുവദിച്ച തുക
2010-11	10 കോടി രൂപ
2011-12	14.68 കോടി രൂപ
2012-13	20 കോടി രൂപ
2013-14	18 കോടി രൂപ
2014-15	22 കോടി രൂപ
2015-16	13.50 കോടി രൂപ

മാവൂർ ഗ്രാസിം ഭൂമി

152 (537) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാസിം ഭൂമിയിൽ പുതിയ വ്യവസായ പദ്ധതികൾക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പദ്ധതി സ്ഥാപിക്കാൻ ബിർളാ മാനേജ്മെന്റ് സന്നദ്ധമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും കമ്പനി അധികൃതരുമായി കമ്പനി പ്രവൃത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17-9-2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ പദ്ധതികളുമായി മുന്നോട്ടുവരണമെന്ന് കമ്പനി പ്രതിനിധികളോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. മാവൂർ ഗ്രാസിം ഭൂമിയിൽ വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര 13-1-2016-ൽ ബിർള മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ ബിർള ഗ്രൂപ്പ് മാവൂർ ഭൂമിയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായിത്തന്നെ നടപ്പാക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്.

(ബി) 13-1-2016-ൽ ബിർള ഗ്രൂപ്പുമായി കിൻഫ്ര അധികൃതർ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പദ്ധതികൾ ഗ്രാസിം ഭൂമിയിൽ നടത്തുന്നതിന് ബിർള ഗ്രൂപ്പ് സമ്മതം അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- ജനറൽ മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് - 100 ഏക്കർ
- ഹൈടെക് മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് - 50 ഏക്കർ
- നൈപുണ്യ വികസന പാർക്ക് - 75 ഏക്കർ
- സാമൂഹ്യ അടിസ്ഥാന വികസനവും അനുബന്ധ പദ്ധതികളും - 100 ഏക്കർ.

(സി) 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

153 (538) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവൃത്തിക്കുന്നത്; ;

(ബി) അവ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം ചുവടെ പറയുന്ന 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിച്ചു:

ക്രമ നമ്പർ	സ്ഥാപനങ്ങൾ
(1)	(2)
1	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
2	മലബാർ സിമന്റ്സ് ലിമിറ്റഡ്
3	കിൻഫ്ര
4	കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
5	കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
6	കാപ്പെക്സ്
7	കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ്
8	ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly